# മക്കള്ക്ക് കൊടുക്കാൻ നമ്മക്ക് ഈ ഭൂമ്യല്ലേള്ളൂ?



നമ്മളിന്ന് ഏട്യെത്തി? സൂഖെട്ക്ക്ന്ന ഏർപ്പാട്ലെത്തി. എന്നിറ്റോ? എല്ലാം നാശത്തില്. മേലനങ്ങാത്തെ ജീവിതം. ലൈസൻസില്ലാത്ത തീറ്റി. കാസ്രകോട് ഇന്ന് യുദ്ധക്കളം പോല്യാണ്. മനുഷ്യന്മാരും തെരുവ് നായിക്കളും ഒരുപോലെ ദുരിതത്തിലന്നെ. വെളവ് കിട്ടാനടിച്ച കീടനാശിനീന്റെ വെല. വയനാട്ട്ന്ന് കേക്ക്ന്നതോ? സ്കൂൾ കുട്ട്യളാണത്രെ ആടെ പെടയ്ന്നത്!

നമ്മ്യിന്ന് പ്രകൃതീന സ്നേഹിക്ക്ന്നില്ല. പ്രകൃതീന സ്നേഹിച്ചിറ്റേങ്കില് മനുഷ്യനീം സ്നേഹിക്കാമ്പറ്റൂല്ല. അതുകൊണ്ടാന് പാമ്പിന കൊല്ലാമ്പാട്ല്ലാന്ന് ബെഷീർ പറഞ്ഞിനി.

വേനക്കാലത്ത് കടിവെള്ളൂല്ല. അത് കയിഞ്ഞാ പിന്ന ഭയങ്കര മയ. മയ പെയ്യാൻ തൊടങ്ങ്യാ ഉരുള് പൊട്ടലായി. എത്ര ആളാന് ഈലൊക്കെ മരിച്ച് പോനത്. ഉരുള് പൊട്ടല് ന്ന് പറഞ്ഞാ കരള് പൊട്ടലാന്. ഭൂമീന്റെ കരള് പൊട്ടൽ. എങ്ങന്യാ ഭൂമീന്റെ കരള് പൊട്ടാണ്ടിരിക്ക്വ? ഇന്നിപ്പോ കാട് ബാക്ക്യുണ്ടോ? 6000 ഏക്കറോളം കാടാന് കയ്യേറ്റുന്നതത്രെ! വയനാട്ടിന് എന്താ സ്ഥിതി? ആദിവാസ്യൾടെ ഭൂമി രാഷ്ട്രീയക്കാരെ കയ്യിലാണ്. ഭൂമി കൊടുക്കാന്ന് പറഞ്ഞ് പറ്റിക്കലല്ലാണ്ട് കൊട്ക്കാൻ പറ്റ്വോ?

നമ്മളെ നെല്ല് ഇന്ന് ആരിക്ക് വേണം? നാടനരി ആരെങ്ക്ലും ഉപയോഗിക്ക്ന്ന്ണ്ടോ? പണ്ട് 10 ലിറ്ററ് പാല് തന്നിര്ന്ന പശു ഇപ്പം 5 ലിറ്ററ് പാലാന് ചൊരത്ത്ന്നത്. ഇന്നത് നാടമ്പുല്ല് ത്ന്ന്ന്നില്ലല്ലോ. കാലിത്തീറ്റ്യല്ലേ.ഇന്ന് മമ്പാത്രം ആരിക്കും വേണ്ട. എല്ലാം അൽമിനീയ പാത്രത്തിലാന്. അങ്ങനെ 6 മാസം കയിച്ചാ മതി, മഞ്ഞപ്പിത്തം ഒറപ്പ്. അതെല്ലാം ആരോർമിക്ക്ന്ന്?

> **'നമ്മളെവിടെത്തി? സുഖമെടുക്കുന്ന ഏർപ്പാടിൽ. എന്നിട്ടോ? എല്ലാം നാശത്തിൽ. മേലനങ്ങാത്ത ജീവിതം. ലൈസൻസില്ലാത്ത തീറ്റി". കണ്ണൂർ ജില്ലയിൽ ആയിരത്തിലേറെ കണ്ടൽ മരങ്ങൾ വച്ചു പിടിപ്പിച്ച കല്ലേൻ പൊക്കടൻ ജീവിതം പറയുകയാണ്**

എല്ലാരും തെരക്കിലാനല്ലോ. ആരിക്കും സമയ്യല്ല. രാവിലെ എണീക്ക്ന്ന് 8 മണിക്കാന്. 9 മണി ആവുമ്പ്ളേക്കും ഓടലായി. എന്തെല്ലാഞ്ചെയ്യുന്ന്, എന്തെല്ലാന്ത്ന്നന്ന്...... ഒന്നിനും കൃത്യത്യില്ല. പ്രകൃതീലേക്കൊന്നു നോക്ക്. കോയി വെളുപ്പിനേ കൂകി ഒണർത്ത്ന്ന. എല്ലാങ്കൊത്തിപ്പറ്ക്കാൻ കാക്ക ഇന്നുണ്ട്. അവര് അവരെ പണിയെട്ക്ക്ന്ന്ണ്ട്. നമ്മക്ക് ഭൂമീല് മേലനങ്ങാങ്കയ്യല്ല. നമ്മക്കിന്ന് സോപ്പും കപ്പായും മതി. ഭക്ഷണം വേണ്ട. എന്നിറ്റോ? ഹൃദയം പൊട്ടല്, കരള് പൊട്ടല്, കാൻസറ് .......

അപ്പം നമ്മള് ദൈവത്തെ തേടാൻ തൊടങ്ങി. ഇപ്പം എല്ലും മനുഷ്യദൈവങ്ങളാന്. അങ്ങന്യൊന്ന് വേണോ? എനക്ക് മൂന്ന് ദൈവങ്ങളാണില്ലത്. ഒന്നാമത്ത്ത് അനുഭവം, ന്ന് വെച്ചാൽ അറിവ്. രണ്ടാമത്തത് പ്രകൃതി, പിന്നത്തത് ജനങ്ങള്. ഇത് മൂന്നും ഒന്നായി നിക്കണ്ടതാണ്.

ഇങ്ങന വേണങ്കില് പണിയെട്ക്കാൻ പഠിപ്പിക്കണം. പക്ഷെ, നമ്മളെ കുഞ്ഞള് പഠിക്ക്ന്നതോ? കൊറേ അറിവ് കുത്തിക്കേറ്റീട്ടെന്ത് കാര്യം? അറിവ് അനുഭവത്തീന്ന് വെരണം. പത്താം ക്ലാസ് കയിഞ്ഞാപ്പിന്നെ പണിയെട്ക്കാനാന് പഠിപ്പിക്കണ്ടത്, ജീവിക്കാമ്പഠിക്കണം.

എനക്ക് കാര്യായ്റ്റ് പഠിപ്പൊന്നൂല്ല. പക്ഷെ ഒരു പാട് അനുഭവങ്ങള്ണ്ട്. കണ്ടല് വെച്ച് പിടിപ്പിച്ചാ ഭൂമീന സംരക്ഷിക്കാമ്പറ്റും ന്ന് അനുഭവാന് എന്ന പഠിപ്പിച്ചത്. ഭൂമീന്റെ കണ്ണീർത്തടങ്ങളാന് കണ്ടൽവനങ്ങള്. കടലമ്മേന പിടിച്ച് നിർത്താൻ അയ്റ്റേ കയ്യൂ. പൊഴേലെ അഴ്ക്ക് ശേഖരിക്ക്ന്നതും കണ്ടല് തന്ന്യാണ്. മീനുകകള്ടേം പിന്ന പലവിധ പക്ഷികൾടേം ഒരു നേഴ്സറിയാനത്.

ഇതെല്ലം മൻസ്സിലാക്കീറ്റാന് കണ്ടല് വെച്ച് പിടിപ്പിക്കാൻ തൊടങ്ങ്യത്. കൂട്ടിന് ആദ്യാരുണ്ടായ്റ്റ്ല. പത്തു വർഷായി തൊടങ്ങീറ്റ്. ആയിരക്കണക്കിന് വെച്ച് പിടിപ്പിച്ചു. ഇപ്പം കമ്മിറ്റിയ്ണ്ടാക്കീറ്റ്ണ്ട്. പല വ്യക്തികളും സംഘടനകളും പ്രോത്സാഹിപ്പിച്ചിറ്റ്ണ്ട്.

ശത്രുക്കളും ഇന്ന് ധാരാള്ണ്ട്. ഞാന്നട്ട മരങ്ങൾ വ്യാപകായ്റ്റ് കൊത്തിക്കളയ്ന്ന്ണ്ട്. അവരൊക്കെ പണ്ടും സ്വാധീനും ഉള്ളവരാണ്. കണ്ടല് വെട്ടി മാറ്റി മണ്ണ്ട്ട് മൂടീറ്റ് കെട്ടിടം പണിയലാണുദ്ദേശം. ഇവരൊപ്പരം രാഷ്ട്രീയക്കാരുംണ്ട്. അവര് ചെലപ്പം എന്നീം വെട്ടുംന്ന് എനക്കറിയാം. ഇതെല്ലം കാണമ്പം തോന്നും, എന്തിനാന് കഷ്ടപ്പെട്ന്ന് ന്? ഇതെല്ലം നിർത്ത്യാലോന്ന്.

എന്നാല്യം ഞാമ്പിന്മാറില്ല. കാരണം മക്കള്ക്ക് കൊട്ടക്കാൻ നമ്മക്ക് ഈ ഭൂമ്യല്ലേള്ളൂ?